# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3429      09.04.2013 –ൽ - മറുപടിക്ക്

## റേഷൻകാർഡ് ഉടമകൾക്കായി സുതാര്യവൽകൃത പോർട്ടൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>,, എം. എ. വാഹീദ് :<br>,, കെ. ശിവദാസൻ നായർ :<br>,, റ്റി. എൻ. പ്രതാപൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻകാർഡ് ഉടമകൾക്കായി സുതാര്യവൽകൃത പോർട്ടൽ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | പൊതുവിതരണം സംബന്ധിച്ച സാധാരണ ജനങ്ങളുടെ സംശയങ്ങൾ ദുരീകരിക്കപ്പെടുന്നതിനായി സർക്കാർ ഒരു സുതാര്യവൽകൃത വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഉദ്ഘാടനം 14.12.2012ൽ ബഹു.മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദീകരിക്കാമോ; | (ബി) | പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ച് മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ ഒരു സമ്പൂർണ്ണ വെബ് പോർട്ടൽ സംവിധാനമാണിത്. പൊതുവിതരണവുമായി ബന്ധപ്പെട്ട് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നത്, വിൽപന, ചരക്കുനീക്കം, എ.ഡബ്ല്യു.ഡി.കൾ, എ.ആർ.ഡി.കൾ, സ്റ്റോക്ക് തുടങ്ങിയ എല്ലാ വിവരങ്ങളും വെബ് പോർട്ടിൽ ലഭ്യമായിരിക്കുന്നതാണ്. |
| (സി) പ്രസ്തുത സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദാക്കുമോ; | (സി) | പൊതുവിതരണം സംബന്ധിച്ച ഏതൊരു വിവരവും പൊതുജനങ്ങൾക്ക് സ്വന്തം വിരൽതുമ്പിലൂടെ ലഭിക്കുന്നതാണ്. |
| (ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്? | (ഡി) | 50 % കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പൊതുവിതരണ രംഗത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ ഭാഗമാണ് സുതാര്യവൽകൃത പോർട്ടൽ. |

സെക്ഷൻ ഓഫീസർ